പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 3646 | 14/03/2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മത്സ്യം കേടുവരാതിരിക്കാൻ രാസവസ്തുക്കളുടെ ഉപയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ സോഡിയം ബെൻസോ കാർബണേറ്റ് ഉൾപ്പെടെയുള്ള മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | എ) | മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസ്വയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾചേർക്കുന്നു എന്നുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ്, കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈയിൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ യോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചു കൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലംചെയ്യുകയും, വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും, മത്സ്യത്തിൽ ചേർക്കുന്ന ഐസ്സും ഉൾപ്പെടെ 490 സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങിലെ ലാബുകളിലും പരിശോധന നടത്തുകയും ലഭിച്ച പരിശോധന ഫലങ്ങളിൽ 5 സാമ്പിളുകളിൽ സോഡിയം ബെൻസ്വയേറ്റിന്റെ സാന്നിദ്ധ്യവും 19 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. 58 ഐസ്സ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 |

| | | | |
|---|---|---|---|
| | | | എണ്ണത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്തുകയുണ്ടായി.<br>ഇതേ തുടർന്ന് സാഗർ റാണിയുടെ രണ്ടാംഘട്ടത്തിൽ ഉപഭോക്താക്കളെയും, മത്സ്യ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം 3 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.<br>മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെ കൊണ്ട് അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ